പുറന്തള്ളുന്ന മലിന ജലത്തെ ശുദ്ധീകരിക്കുന്നതിനുള്ള കോമൺ എഫ്ളുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റും സജ്ജീകരിച്ചുവരുന്നു. ഭക്ഷ്യ സംസ്കരണ വ്യവസായങ്ങൾക്ക് കേന്ദ്ര സർക്കാരും ധനസഹായം നൽകുന്നുണ്ട്. ഈ ധനസഹായം നേടിക്കൊടുക്കുന്നതിനായി കിൻഫ്രയെ സംസ്ഥാനത്ത് നോഡൽ ഏജൻസിയായി നിയമിച്ചിട്ടുണ്ട്. അതനുസരിച്ച് ഏകദേശം 1414 ലക്ഷം രൂപയുടെ ധനസഹായം വിവിധ ഭക്ഷ്യസംസ്കരണ വ്യവസായങ്ങൾക്ക് നൽകുന്നതിന് ഇതിനകം അംഗീകാരം ആയിട്ടുണ്ട്.

പത്താം പഞ്ചവത്സര പദ്ധതിയിൽ സെറികൾച്ചർ പദ്ധതികളുടെ വികസനം ത്വരിതപ്പെടുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനും വേണ്ടി 40 ക്ലസ്റ്ററുകളിലായി 125 ഗ്രാമപഞ്ചായത്തുകളിലായി സെറി കൾച്ചർ പദ്ധതിക്ക് പ്രത്യേകം ഊന്നൽ നൽകി. മൾബറി കർഷകർക്ക് പരിശീലനം നൽകുന്നതിനും, കർഷകർ ഉല്പാദിപ്പിക്കുന്ന മുഴുവൻ കൊക്കുണും ഗുണമേന്മയുടെ അടിസ്ഥാനത്തിൽ വില നൽകി എല്ലാ ജില്ലാ കേന്ദ്രങ്ങളിലും സംഭരിക്കുന്നതിനും നടപടികൾ എടുത്തിട്ടുണ്ട്.

(ബി) മരച്ചീനിയിൽ നിന്നും ഗ്ലൂക്കോസ് തുടങ്ങിയ വൈവിദ്ധ്യമാർന്ന ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നത് ഉൾപ്പെടെയുള്ള കാർഷികാധിഷ്ഠിത വ്യവസായങ്ങളുടെ വികസനത്തിനുവേണ്ടി ഒരു പുതിയ സ്കീം സർക്കാർ ആവിഷ്കരിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

ധാതു ലവണങ്ങളെക്കുറിച്ച് പഠനം

19 [*349] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ധാതുലവണങ്ങളെക്കുറിച്ച് സമഗ്രമായ പഠനം നടത്തിയിട്ടുണ്ടോ; അവസാനമായി പഠനം നടത്തിയതെന്നാണ്;

(ബി) സംസ്ഥാനത്ത് വിവിധ പ്രദേശങ്ങളിൽ സ്വർണ്ണനിക്ഷേപം കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമെന്ന് വെളിപ്പെടുത്താമോ;

(സി) സ്വർണ്ണനിക്ഷേപത്തെക്കുറിച്ച് പഠനം നടത്തിയ ഏജൻസി ഏതാണ്; ഇതു സംബന്ധിച്ച പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ഡി) സ്വർണ്ണം ഖനനം ചെയ്യുന്നതുസംബന്ധിച്ച പ്രത്യേക കർമ്മപദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഇതിന് കേന്ദ്രത്തിന്റെ പ്രത്യേക സഹായം ലഭിക്കുമോ ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): (എ) സംസ്ഥാനത്തെ ധാതുലവണങ്ങളെക്കുറിച്ച് തുടർച്ചയായ പഠനം സംസ്ഥാന സർക്കാരിന്റെ മൈനിങ് ആന്റ് ജിയോളജി വകുപ്പും കേന്ദ്ര സർക്കാർ സ്ഥാപനമായ ജിയോളജിക്കൽ സർവ്വെ ഓഫ് ഇൻഡ്യയും നടത്തിക്കൊണ്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്ത് വയനാട്, മലപ്പുറം, പാലക്കാട് എന്നീ ജില്ലകളിൽ സ്വർണ്ണ നിക്ഷേപം കണ്ടെത്തിയിട്ടുണ്ട്. വയനാട് ജില്ലയിൽ മാനന്തവാടി താലൂക്കിൽ മേപ്പാടി പൂണ്ടയിൽ-വൈത്തിരി താരിയോട് പ്രദേശങ്ങളിലും മലപ്പുറം ജില്ലയിലെ നിലംപൂർ താഴ്വരയിലെ മരുത, മണ്ണുചിനി, തണ്ണിക്കടവ്, കാപ്പിൽ, കടന്നമണ്ണ പ്രദേശങ്ങളിലും പുന്നപ്പുഴ-ചാലിയാർ നദീതടങ്ങളിൽ പ്ലേസർ സ്വർണ്ണ നിക്ഷേപവും പാലക്കാട് ജില്ലയിൽ അട്ടപ്പാടി പ്രദേശത്തും സ്വർണ്ണ നിക്ഷേപം ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്.

(സി) വ്യവസായ വകുപ്പിന്റെ കീഴിലുള്ള മൈനിങ് ആന്റ് ജിയോളജി വകുപ്പും കേന്ദ്ര സർക്കാർ സ്ഥാപനമായ ജിയോളജിക്കൽ സർവെ ഓഫ് ഇൻഡ്യയുമാണ് കേരളത്തിൽ സ്വർണ്ണനിക്ഷേപ സംബന്ധമായ പഠനം നടത്തിവരുന്നത്. മൈനിങ് ആന്റ് ജിയോളജി വകുപ്പിന്റെ കീഴിലായിരുന്ന കേരള മിനറൽ എക്സ്പ്ലൊറേഷൻ ആന്റ് ഡവലപ്മെന്റ് പ്രോജക്ട് (കെ. എം. ഇ. ഡി. പി.)1979-83 കാലഘട്ടത്തിൽ നടത്തിയ പഠനത്തിൽ നിലമ്പൂർ താഴ്വരയിലെ മരുത, മണ്ണുചീനി, തണ്ണിക്കടവ് ഭാഗത്തും ചാലിയാർ-പുന്നപ്പുഴ മുതലായ നദീതടങ്ങളിലെ ചരൽ തിട്ടകളിലും സ്വർണ്ണ നിക്ഷേപം കണ്ടെത്തുകയുണ്ടായി. മരുത പ്രദേശത്ത് നടത്തിയ വിശദ പഠനത്തിന്റെ അടിസ്ഥാനത്തിൽ ഒരു ടൺ പാറയിൽ 4 ഗ്രാം സ്വർണ്ണം എന്ന തോതിൽ 0.55 ദശലക്ഷം ടൺ നിക്ഷേപം ഉള്ളതായും കണ്ടെത്തി. ചാലിയാർ-പുന്നപ്പുഴകളിലെ പ്ലാസർ സ്വർണ്ണത്തെക്കുറിച്ചുള്ള വിശദ പഠനത്തിന്റെ അടിസ്ഥാനത്തിൽ 0.1 ഗ്രാം/ഘന മീറ്റർ എന്ന തോതിൽ സ്വർണ്ണം അടങ്ങിയിട്ടുള്ള 2.5 ദശലക്ഷം ക്യു. മീ. ചരൽതിട്ട ഉണ്ടെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ട്. ഈ പഠന അടിസ്ഥാനത്തിൽ 0.07 ഗ്രാം/ക്യു. മീ. എന്ന തോതിൽ ഉള്ള 30 ദശലക്ഷം ക്യു. മീ. ചരൽതിട്ട മൊത്തത്തിൽ കണക്കാക്കപ്പെട്ടിട്ടുണ്ട്. ജിയോളജിക്കൽ സർവ്വെ ഓഫ് ഇൻഡ്യ നടത്തിയ പഠനം അട്ടപ്പാടി ഭാഗത്ത് പുട്ടുമലയിൽ 12.98 ഗ്രാം/ടൺ എന്ന തോതിൽ സ്വർണ്ണം അടങ്ങിയിട്ടുള്ള 0.08 ദശലക്ഷം ടൺ പാറയും കോട്ടത്തറയിൽ 14.99 ഗ്രാം/ടൺ എന്ന തോതിലുള്ള 0.0067 ദശലക്ഷം ടൺ പാറയും കണ്ടെത്തിയിട്ടുണ്ട്.

(ഡി) ഉണ്ട്. സ്വർണ്ണം ഖനനം ചെയ്യുന്നതിന് മുൻപായി സ്വർണ്ണ നിക്ഷേപത്തിന്റെ അളവും ഘടനയും കൃത്യമായി പഠന വിധേയമാക്കേണ്ടതാണ്. ആയതിലേക്ക് കൂടുതൽ പഠനം നടത്തുന്നതിന് കേന്ദ്ര സർക്കാരിന്റെ ഖനി വകുപ്പ് 17-10-2003-ന് മിനറൽ എക്സ്പ്ലോറേഷൻ കോർപ്പറേഷനുമായി ചേർന്ന് 177.09 ലക്ഷം രൂപയുടെ ഒരു പദ്ധതിയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട് പദ്ധതി വിഹിതത്തിന്റെ 15% തുകയ്ക്ക് കേരള സർക്കാർ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ ടി സ്ഥലം വനം വകുപ്പിന്റെ കീഴിലായതിനാൽ വനം വകുപ്പിന്റെ അനുമതിക്ക് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ അട്ടപ്പാടി പ്രദേശത്ത് ജിയോളജിക്കൽ സർവെ ഓഫ് ഇൻഡ്യയുടെ പഠന ഫലമായി കണ്ടെത്തിയിട്ടുള്ള സ്വർണ്ണം ഖനനം ചെയ്യുന്നതിന് സംസ്ഥാന മൈനിങ് ആന്റ് ജിയോളജി വകുപ്പും ജിയോളജിക്കൽ സർവെ ഓഫ് ഇൻഡ്യയും കർണ്ണാടകയിലെ ഹട്ടി ഗോൾഡ് മൈൻ കമ്പനിയും ചേർന്ന് ഒരു കർമ്മ പരിപാടി ആവിഷ്കരിക്കാൻ ഉദ്ദേശമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly